**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **13-01-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷേമപെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്നവരിൽ മസ്റ്ററിംഗിനു ശേഷം എത്ര പേരെയാണ് അനധികൃത പെൻഷൻ വാങ്ങുന്നവരായി കണ്ടെത്തി ഒഴിവാക്കാനായത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ക്ഷേമ പെൻഷൻ ലഭിച്ചു വന്നിരുന്നവരിൽ അനധികൃതമായി പെൻഷൻ കൈപ്പറ്റിയിരുന്ന 4,95,609 പേരെ മസ്റ്ററിംഗിനു ശേഷം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ഷേമ പെൻഷൻ 2021 ജനുവരി മുതൽ പ്രതിമാസം എത്ര രൂപാ വീതമാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഈയിനത്തിൽ പ്രതിമാസം എത്ര കോടി രൂപ മാറ്റി വയ്ക്കണം; ഇതിന്റെ പ്രയോജനം എത്ര ലക്ഷം പേർക്ക് ലഭിക്കും; വിശദാംശം വ്യക്തമാക്കുമോ? | (ബി) | 021 ജനുവരി മാസം മുതൽ സാമൂഹ്യ സുരക്ഷാ / ക്ഷേമനിധി ബോർഡു പെൻഷനുകൾ 1500/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഇനത്തിൽ പ്രതിമാസം 787.94 കോടി രൂപ മാറ്റിവയ്ക്കേണ്ടതുണ്ട്. ഇതിന്റെ പ്രയോജനം സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ ഗുണഭോക്താക്കളായ 52,52,843 പേർക്ക് ലഭിക്കും (2020 ഡിസംബറിൽ പെൻഷൻ അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ). |

സെക്ഷൻ ഓഫീസർ